കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018 – 2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ. കെ.എൽ.എം. പി5-1413/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 01/11/2019

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് - 2018 - 19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2018 - 19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ. കെ.എൽ.എം.പി.5-1413/19 തീയതി: 01/11/2019

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.01.19 മുതൽ 03.08.19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ കെ .<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5-08-19 മുതൽ 20-08-19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മണിലാൽ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശരത് എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അംബികകുമാരി പി | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീമതി.നസീമ വി .എഫ് | 1.04.2018 മുതൽ 31.03.2019വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സിന്ധു ആർ | 1.4.2018 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. സന്തോഷ് കുമാർ | 1.4.18മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി.പ്രീതി.ബി.എസ് | 1.4.18 മുതൽ 1.11.18 വരെ |
| | ശ്രീമതി. മഞ്ജുഷ | 1.4.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ | ശ്രീ.സതീഷ് കുമാർ | 1.4.18 മുതൽ 31.3.19 വരെ |
| | ശ്രീമതി.പ്രദീശ സത്യൻ | 2.11.18 മുതൽ 31.3.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ധന്യ കൃഷ്ണൻ | 1.4.18 മുതൽ 31.3.19 വരെ |
| വെറ്റിനറി ഓഫീസർ | ഡോ.ജ്യോതിഷ് കുമാർ | 1.4.18 മുതൽ 20.4.18 വരെ |
| | ഡോ.പി.വി അരുണോദയ | 20.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ(പി എച് സി) | ഡോ. അനുപമ | 1.4.18 മുതൽ 3.8.18 വരെ |
| | ഡോ. സുരേശ് കുമാർ എസ് | 3.8.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ഷൈലജ.എസ് | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഉണ്ണികൃഷ്ണൻ ജി | 1.4.18 മുതൽ 31.3.19 വരെ |

| | | |
|---|---|---|
| എച്ച്.എം | ശ്രീ. വിജയൻ ദിവാകർ | 1.4.18 മുതൽ<br>31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിനോദ്.അർ.എസ് | 1.4.18 മുതൽ<br>31.3.19 വരെ |
| മെഡിക്കൽഓഫീസർ ആയുർവേദം | ഡോ. ശരത് എൻ | 1.4.18 മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ സിദ്ധാ | ഡോ. വിദ്യാ | 1.4.18 മുതൽ<br>31.7.18 വരെ |
| | ഡോ. ശ്രീകല | 1.8.18 മുതൽ<br>31.3.19 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിൽ മുതൽ കൂട്ടിയിട്ടില്ല | 1-12 |
| 13 | വാടകക്കുടിശ്ശികകളുമായി ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല | 1-14 |
| 15 | ലേല തുകയുടെ ജിഎസ് ടി തുക ഒടുക്ക് വരുത്തിയിട്ടല്ല | 1-15 |
| 16 | കാർഷിക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു തുടങ്ങിയില്ല- | 1-16 |

| | | |
|---|---|---|
| | റിവോൾവിങ്ങ് ഫണ്ട് ഉൾപ്പെടെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | |
| 17 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ്യ സാക്ഷ്യപത്രം ഹാജരാക്കിയില്ല -5423715/-രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയത് ഉയർന്ന നിരക്കിൽ -5440/- രൂപ നിരാകരിക്കുന്നു | 1-18 |
| 19 | 18.21ലക്ഷം രൂപയ്ക്ക് വാങ്ങിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിക്കുന്നു. | 1-19 |
| 20 | സർക്കാർ ഉത്തരവുകൾ ഇല്ലാതെ പരസ്യ കമ്പനി സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് വൈദ്യുതി ബിൽ ഒടുക്കുന്നു | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു. | 1-21 |
| 22 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 1-22 |
| 23 | മെഡിക്കൽ ഓഫീസർ-ഹോമിയോ/അലോപ്പതി-പ്രോജക്ട് പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-23 |
| 24 | ലൈഫ് മിഷൻ- ആദ്യ ഗഡു കൈപ്പറ്റിയവരിൽ ചിലർ ഇതുവരെ പണി ആരംഭിച്ചിട്ടില്ല. | 1-24 |
| 25 | ക്വട്ടേഷൻ/ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലാബിലേക്കുള്ള റീ-ഏജന്റ് വാങ്ങി-കരാർ പ്രകാരം നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകി | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ-എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയ എല്ലാവരും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 27 | ബാലസഭ – അനുവദനീയമായപരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു. | 1-27 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയത് ഉയർന്ന നിരക്കിൽ -5440/- രൂപ നിരാകരിക്കുന്നു | 3-1 |
| | | |

| | | |
|---|---|---|
| 29 | ക്വട്ടേഷൻ/ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലാബിലേക്കുള്ള റീ-ഏജന്റ് വാങ്ങി-കരാർ പ്രകാരം നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകി | 3-2 |
| 30 | ബാലസഭ – അനുവദനീയമായപരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു. | 3-3 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 39 | ചാർജ് /സർചാർജ് | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 42 | അനുബന്ധം 1 | |
| 42 | അനുബന്ധം 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2018തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24/01/2019തീയതിയിലെ 3(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 20.5.19 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,92,29,171/- |
| വരവ് | 23,77,93,696/- |
| ആകെ | 28,70,22,867/- |
| ചെലവ് | 20,50,49,613/- |
| നീക്കിയിരിപ്പ് | 8,19,73,254/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,19,89,637/- | 3,19,89,637/- | 3,15,31,143/- | 458494/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 2,39,07,000/- | 2,39,07,000/- | 2,38,94,323/- | 12677/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 1,58,15,000/- | 1,58,15,000/- | 1,57,40,845/- | 74155/- |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 62,49,000/- | 62,49,000/- | 56,34,632/- | 614368/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 1,48,56,000/- | 1,48,56,000/- | 1,33,72,480/- | 1483520/- |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 0 | 0 | 0 | |
| സാക്ഷരത | | | 0 | 0 | 0 | |
| ദുരിതാശ്വാസനിധി | | | 0 | 0 | 0 | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | - | 2,57,96,555/- | 2,57,96,555/- | 2,57,96,555/- | - |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 14,236/- | 5,48,675/- | 5,62,911/- | 5,38,064/- | 24,847/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | | 18,91,279/- | 15,23,600/- | 34,14,879/- | 7,72,930/- | 26,41,949/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2,00,000/- | 8,88,562/- | 90,85,627/- | 87,58,619/- | 3,27,008/- |
| | ജില്ലാ പഞ്ചായത്ത് | 32,99,529/- | 1,56,75,416/- | 1,89,74,945/- | 1,58,80,141/- | 30,94,804/- |
| ബി ഫണ്ട് | | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8,72,640/- | 8,72,640/- | 8,72,640/- | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4,59,94,741/- | 4,60,45,048/- | 9,20,39,789/- | 3,22,52,508/- | 5,97,87,281/- |
| | ട്രഷറി അക്കൗണ്ട് | 28,46,785/- | 3,77,09,418/- | 4,05,56,203/- | 2,37,17,515/- | 1,68,38,688/- |

ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ വരവിൽ സർക്കാരിന്റെ Redemption തുകയായ 21,81,260/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 37,82,14,901/- | 257 | 16,91,62,324/- | 44 | 28 | 78 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

*ഇല്ല*

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 5,32,250/- | 5,32,250/- | 5,32,250/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 90,282/- | 2,63,83,151/- | 2,64,73,433/- | 2,64,73,433/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,72,640/- | 460 |
| കർഷകതൊഴിലാളി പെൻഷൻ | 36,48,100/- | 310 |
| വിധവാപെൻഷൻ | 2,60,56,300/- | 2421 |
| വാർദ്ധക്യകാലപെൻഷൻ | 4,80,73,100/- | 4703 |
| വികലാംഗപെൻഷൻ | 90,24,700/- | 755 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർ | 2,14,800/- | 63 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,680/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച

നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും "സഞ്ചയ" സോഫ്റ്റ് വെയറിൽ ഫോം-6-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2019 | 04/19 മുതൽ 06/19 വരെ | ഇല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06/04/2019 മുതൽ 24/04/2019 വരെ | 2017-18 മുതൽ 2018-19 വരെ | 16/07/2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. STSBഅക്കൌണ്ടിൽ(Ac no 703041400000001) reconciliation statement പ്രകാരം പണമാകാത്ത ചെക്കുകളിൽ ഉൾപ്പെട്ട 5544/-രൂപയുടെ ചെക്ക് നം.2853390/തീ.26-9-17 മൂന്ന് മാസ കാലാവധി കഴിഞ്ഞതാണ്.ഇത് Liability in respect of stale cheque എന്ന ശീർഷകത്തിൽ കാണിച്ചിട്ടില്ല.

2.Balance sheetൽ B11+B11(a) പ്രകാരം ആകെസൃഷ്ടിക്കപ്പെട്ട ആസ്തികൾ 105666673/-രൂപയാണ്കാണിച്ചിട്ടുള്ളത്.എന്നാൽ B-3 പ്രകാരം ആകെ capital contribution 103052063/-രൂപയാണ് കാണിച്ചിട്ടുള്ളത്.വ്യത്യാസം-2614610/-രൂപയുടെ maintanance grant/own fund ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3.B-7 schedule പ്രകാരം വിവിധ നിക്ഷേപങ്ങളായി 3426200/-രൂപയാണുള്ളത്.ടി തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

4.B-4 schedule പ്രകാരം suchithwa mission നീക്കിയിരുപ്പായി 105568/-രൂപ ഉണ്ട്.എന്നാൽ ഇത് പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കുന്നില്ല.

5.Income and expenditure statement പ്രകാരം I -17(a) യിൽ കാണിച്ചിരിക്കുന്നത് 1387968/-രൂപയാണ്.ആയതിന്റെ Depreciation നിരക്ക് ആസ്തിയുടെ value ലഭ്യമാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.Closing stock ആയി B-14ൽ കാണിച്ചിരിക്കുന്ന 115001/-രൂപ stationery ഇനത്തിലുള്ള stock ആണ്.എന്നാൽ ഇത് ആസ്തിയിൽ ഉൾപ്പെട്ടതല്ല.

7.പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽനികുതി 37750/-രൂപ RP scheduleൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

8.മേലാദായം ഇനത്തിൽ AFS പ്രകാരം 4555/-രൂപ വരവായി RP-5 Schedul-ൽ കാണിച്ചിരിക്കുന്നു.

എന്നാൽ ഇത് രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

9.വാടക ഇനത്തിൽ Balance sheetil കാണിച്ചിരിക്കുന്ന തുകയായ 862992/-രൂപയിൽ 2017-18ലെ advance ആയി കിട്ടിയ തുകയായ 60000/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. വാടക രജിസ്റ്ററിൽ D.C.B

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10.AFS പ്രകാരം വസ്തു നികുതി dcb,സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല.

11.Balance sheet പ്രകാരം B-12ൽ സ്ഥിരനിക്ഷേപമായി 34584343/-രൂപയാണ് കാണിച്ചിട്ടുള്ളത്.

32218229/-രൂപയുടെ സ്ഥിര നിക്ഷേപ രസീതികളാണ് പരിശോധനക്ക് ലഭ്യമാക്കിയത്.2018-19വർഷം ചാത്തന്നൂർ എസ്.ബി.ഐ യിൽ ഉണ്ടായിരുന്ന 28ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം പിൻവലിച്ച് വേളമാന്നൂർ എസ്.ബി.ഐലും പാരിപ്പള്ളി ഇൻഡ്യൻ ബാങ്കിലും യഥാക്രമം10 ലക്ഷവും

18ലക്ഷവും രൂപയുടെ സ്ഥിരനിക്ഷേപം ഇടുകയുണ്ടായി.എന്നാൽ പിൻവലിച്ച 28 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം ബാലൻസ് ഷീറ്റിൽ കുറവ് ചെയ്തിട്ടില്ല. ഇതുൾപ്പെടെ സ്ഥിരനിക്ഷേപ നീക്കിയിരുപ്പിലെ വ്യത്യാസം പരിഹരിച്ച് സ്ഥിരനിക്ഷേപരജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

Abstract of defects/discrepancies

1. The uncashed cheque of Rs. 5,544/- with Cheque No.2853390/-/dated, 26.9.2017 as per the reconciliation statement of STSB. Account (Account No. 703041400000001) is not included under liability head in respect of stale cheque, as it exceeded in period of 3 months.
2. While total assets created vide B-11 & B-11(a) comes to Rs.105666673/-, Capital Contribution provided is Rs.103052063/-. Details of the difference of the assets created by Maintenance Grant/Own fund are not furnished.
3. The year- wise details of deposits amounted to Rs.3426200/- shown under B-7 deposits Received. Hence It cannot be verified on the absence of proper details.
4. A separate account for Sauchithwa Mission is not maintained. B-4 schedule under Suchithwa Mission shown a closing balance of Rs.105568/-.
5. Details of rate depreciation of Assets under I-17(a) schedule in I & E statement is not furnished. Assets register not updated.
6. Rs. 11,500/- shown as Closing stock under B-4 schedule of stationary items. Hence It is not to be treated closing stock as it is not an asset.
7. Profession tax received from Panchayath employees is not accounted in RP Schedule (Rs.37750/-)
8. Split details of Usufructs of trees with a value of 4555/- is not shown in the Aucition Register.
9. Rent Receivables from buildings shown in Balance sheet is 862992/-. This amount includes the advance collectiion of Rs. 60,000/- for the year 2017-18.
10. DCB of Sankya and Sanchaya statement regarding property tax is not tallying.
11. B-12 – Investments shown an amount o Rs. 34584343/-. But FD receipts for amount of Rs. 32218229/- only have been produced two Certification. A deposit of 28 lakhs way withdrawn from SBI, Chathannoor and deposited as 10 lakhs and 18 lakhs in

velamanoor SBI and Indian Bank Parippally respectively. But the the shown amount of Rs. 28 lakhs is still not removed from the AFS 2018-19.

The differecne is amounts of the deposits should the rectified including the amount of 28 lakh. Fixed Deposit Register should be maintained accordingly.

## 1-12 ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിൽ മുതൽ കൂട്ടിയിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 91,600 /- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വാടകക്കുടിശ്ശികകളുമായി ഷോപ്പിംഗ് കോപ്ലക്സുകളലെ കടമുറികൾ

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സുകളിലെ കടമുറികൾക്ക് വാടകക്കുടിശ്ശിക വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | വാടകക്കാരന്റെ പേര്/ വിലാസം | മുറി നം. | വാടക നിരക്ക് | കുടിശ്ശിക വരുത്തിയ കാലയളവ് /തുക |
|---|---|---|---|---|---|
| 1 | **കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് (old)** | ദിലീപ്<br>മനമേലേകിഴക്കതിൽ,താഴം , ചാത്തന്നൂർ | 3(A) | 1013 | 4/18-3/19<br>12X1013=12156 |
| 2 | **പാരിപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് (old)** | പി. ജയദേവൻ<br>ജതിവിലാസം, കരിമ്പാലൂർ | 866 | 6540 | 9/18-3/19<br>7X6540=45780 |
| 3 | " | ശ്രീധരൻ എൻ<br>താന്നിവിള, പാരിപ്പള്ളി | 867 | 3660 | 4/18-3/19<br>12X3660=43920 |
| 4 | " | രാജേന്ദ്രൻ<br>ആരോമൽ ഭവൻ,പാമ്പുറം | 869 | 16648 | 6/18-3/19<br>10X16648=<br>166480 |
| 5 | " | ടി.കെ ഭാസ്ക്കരൻ<br>സൂചിക്കുഴികം<br>കോങ്ങാൽ, പരവൂർ | 876 | 8168 | 4/18-3/19<br>12X8168=98016 |
| 6 | **നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ്** | അബ്ദുൾ സലാം<br>ഫൈസൽ നിവാസ്,<br>മേവനക്കോണം | 264-C | 852 | 4/18-3/19<br>12X852=10224 |
| 10 | **കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത് )(FF)** | ആഭിലാഷ് ജി. ഉണ്ണിത്താൻ<br>പിള്ളഴികത്ത് വീട്, നടയ്ക്കൽ | A3 | 3126 | 4/18-3/19<br>12X3126=37512 |
| 11 | " | ഷൈലൻ | A-7 | 3126 | 9/18-3/19 |

| | | | | | |
|---|---|---|---|---|---|
| | | ചരുവിളപുത്തൻ വീട് | | | 7X3126=21882 |
| 12 | “ | അശോകൻ പിള്ള<br>വാറുവിളപുത്തൻവീട്, നടയ്ക്കൽ | A-8 | 3126 | 4/18-3/19<br>12x3126=37512 |
| 13 | **പാരിപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്)** | ഗണ്യ ജി കൃഷ്ണ<br>രാമകൃഷ്ണ വിഹാർ, കല്ലുവാതുക്കൽ | B-1 | 1968 | 4/18-3/19<br>12X1968=23616 |
| 14 | “ | അനീഷ് ജി എസ്<br>അനീഷ് ഭവൻ, സെറ്റിൽമെന്റ് കോളനി | B-2 | 3575 | 4/18-3/19<br>12X3575=42900 |
| 15 | “ | അഭിലാഷ് ഉണ്ണിത്താൻ<br>പിള്ളഴികത്ത് വീട്, നടയ്ക്കൽ | B-3 | 1968 | 9/18-3/19<br>7X1968=13776 |
| 16 | “ | അനീഷ് ജി എസ്<br>അനീഷ് ഭവൻ, സെറ്റിൽമെന്റ് കോളനി, കല്ലുവാതുക്കൽ | B-8 | 2756 | 4/18-3/19<br>12X2756=33072 |
| 17 | “ | സുബി പരമേശ്വരൻ<br>സുനിൽ ഭവൻ, സെറ്റിൽമെന്റ് കോളനി | B-9 | 2095 | 4/18-3/19<br>12X2095=25140 |
| 18 | “ | ജയചന്ദ്രൻ<br>ജയമന്ദിരം, തെറ്റിക്കുഴി, പാരിപ്പള്ളി | C-1 | 2703 | 4/18-3/19<br>12X2703=32436 |
| | | | | **ആകെ** | 644422/- |

II- നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 264 J, K , L , M , N , O , P , Q, R എന്നീ 9 എണ്ണം കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

വാടകയും, ഒഴിഞ്ഞു കിടക്കുന്ന കടമുറികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികയുള്ള കൈവശക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും എത്രയും പെട്ടെന്ന് തുക ഈടാക്കി ആഡിറ്റിനെ അറിയിക്കുന്നതാണെന്നും , നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സിലെ 264 J മുതൽ R വരെയുള്ള കടമുറികളിൽ 1 മുറി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി നിലവിൽ ഉപയോഗിച്ച് വരുകയാണെന്നും ബാക്കി 8 മുറികളിൽ വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കളക്ഷൻ സെന്റർ ആയും പ്രവർത്തിക്കുകയാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്

**ഓഡിറ്റ് എൻക്വയറി നം. – 14/16.8.19**

## 1-14 സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല

2018-19 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഓരോ അർദ്ധ വർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ

നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതിഒടുക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി., ചാത്തന്നൂർ ഡിവിഷൻ, പാരിപ്പള്ളി | I & II |
| 2 | കെ.എസ്.ഇ.ബി, പാരിപ്പള്ളി | I & II |
| 3 | ബി.എസ്.എൻ.എൽ , പാരിപ്പള്ളി | I & II |
| 4 | കല്യാൺ ജൂവലേഴ്സ് | I , II |
| 5 | കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി | I , II |
| 6 | ഇൻഡസ് ഇൻഡ് ബാങ്ക് ലി. ,പാരിപ്പള്ളി | I & II |
| 7 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാഷ്യൽ സർവ്വീസ് പ്രൈ. ലി | II |
| 8 | മാക്സ് വാല്യൂ ക്രഡിറ്റ് &ഇൻവെസ്റ്റ്മെന്റ്, പാരിപ്പള്ളി | II |
| 9 | ലാവിയ ഇൻഫ്ര ലി.( എൻ കെ ട്രേഡേഴ്സ് ) | II |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട്കൊണ്ട് നൽകിയ നം.10/16.08.19 ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-15 ലേല തുകയുടെ ജിഎസ് ടി തുക ഒടുക്ക് വരുത്തിയിട്ടില്ല

ലേലം രജിസ്റ്റർ പരിശോധിച്ചതിൽ ലേലം കൊണ്ട വ്യക്തികൾ ലേലത്തുക പൂർണമായി ഒടുക്കിയിട്ടുണ്ടെങ്കിലും GST ഇനത്തിൽ ഉൾപ്പെടുന്ന തുകകൾ ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലേലം | കമ്മിറ്റി തീരുമാനം/ തീയതി | ലേലം കൊണ്ട വ്യക്തിയുടെ പേര് വിലാസം | ലേലത്തുക + 18% GST | ലേലത്തുക ഒടുക്കിയത് | GST തുക ഒടുക്കിയത് | ഒടുക്കാനുള്ളGST |
|---|---|---|---|---|---|---|---|
| 1 | പാരിപ്പള്ളി പബ്ലിക്ക് മാർക്കറ്റിനുള്ളിലെ കംഫർട്ട് സ്റ്റേഷനിൽ നിന്നും നിശ്ചിത ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 6(2)/23.3.18 | ശ്രീ. സതീശൻ, സന്ധ്യ ഭവൻ, പാരിപ്പള്ളി | 100000 + 18000 =118000 | 10000/- (117040111732/ 27.3.18) 90000/- (118040100178/ 6.4.18) | ഇല്ല. | 18000/- |
| 2 | പാരിപ്പള്ളി പബ്ലിക്ക് മാർക്കറ്റിൽ ചട്ട പ്രകാരം ആട്ടിറച്ചി | 6(4)/28.3.18 | ശ്രീ. കൈഫ് , പ്ലാവിളവീട്, പാളയംകുന്ന് | 80000+14400 =94400/- | 5000/- (117040111725/ 27.3.18) | ഇല്ല. | 14400/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | വ്യാപാരം നടത്തുന്നതിനുള്ള അവകാശം | | | | 75000/- (117040112050/ 31.3.18) | | |
| | | | | | | | 32400/- |

പാരിപ്പള്ളി മാർക്കറ്റിൽ ലേലം കൊണ്ട വ്യക്തികളിൽ നിന്നും GST തുകകൾ ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കാർഷിക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു തുടങ്ങിയില്ല- റിവോൾവിങ്ങ് ഫണ്ട് ഉൾപ്പെടെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

പ്രോജക്ട് നം : 152/18

<u>അടങ്കൽ തുക : 11,00,000/-</u> രൂപ

പ്ലാൻ ഫണ്ട് : 6,00,000/- രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം : 5,00,000/- രൂപ

<u>ചെലവ് : 4,88,480/-</u> രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം

ചെക്ക്നം : 2075043/28.03.19: 2,50,000/-രൂപ

പ്ലാൻ ഫണ്ട് : 2,38,480/- രൂപ

ബിൽനം : 14/20.02.19 : 1,00,000/-രൂപ

:15/18.03.19 : 29,900/- രൂപ

:19/18.03.19 : 74,830/- രൂപ

:20/22.03.19 : 5,600/- രൂപ

:21//22.03.19 : 28,150/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വനിത കർഷക ഗ്രൂപ്പുകൾ, കുടംബശ്രീയൂണിറ്റുകൾ എന്നിവ വഴി പഴം, പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് അവ പ്രാദേശികമായി സംഭരിച്ച് പ്രാദേശിക വിപണി വഴി വിതരണം നടത്തുകയും, പഞ്ചായത്തിലെ അഞ്ച് സ്ഥലങ്ങളായ ശ്രീരാമപുരം, നടയ്ക്കൽ, പാരിപ്പള്ളി, മീനഅമ്പലം, വേളമാനൂർ എന്നിവിടങ്ങളിൽ പ്രാദേശിക വിപണന കേന്ദ്രം ആരംഭിച്ച് വിപണനം സുഗമമാക്കുകയും, അധികം വരുന്ന പച്ചക്കറികൾ മുഴുവൻ ഒരു കേന്ദ്രത്തിൽ സംഭരിക്കുന്നതിനും,അവിടെ നിന്നും വിതരണം ചെയ്യുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി വാഹനം വാങ്ങുന്നതിനും (1,37,500/-രൂപ), 12.5ഹെക്ടറിൽ പച്ചക്കറികൃഷി ചെയ്യുന്നതിനായി കൂലി ചെലവ്

സബ്സിഡി 2,12,500/-രൂപ, അഞ്ച് വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 1,00,000/-രൂപ വീതം അഞ്ചു കേന്ദ്രങ്ങൾക്കായി 5,00,000/-രൂപ, അഞ്ചു കേന്ദ്രങ്ങൾക്കായി 2,50,000/-രൂപ രൂപ റിവോൾവിംഗ് ഫണ്ടും നൽകുന്നതാണ് കാർഷിക ഉല്പാദനവും,ഉൽപ്പന്ന നിർമ്മാണം, വിപണന ശൃംഖലയും വനിതകൾക്ക് എന്ന പ്രോജക്റ്റ്.

ടി.പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.
<u>1)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടിട്ടില്ലാത്ത കുടുംബശ്രീയൂണിറ്റിനെ തെരഞ്ഞെടുത്തു.</u>

കുടുംബശ്രീയൂണിറ്റിൽ 04.02.19-ൽ മാത്രം രജിസ്റ്റർ ചെയ്ത സമൃദ്ധി കാർഷിക ഉൽപ്പന്ന സംഭരണ വിതരണ സംരംഭ ഗ്രൂപ്പിനെ ആണ് റിവോൾവിങ്ങ് ഫണ്ട് 2,50,000/- രൂപ ഉൾപ്പെടെ നൽകി പ്രോജെക്റ്റിലേയ്ക്കായി തെരഞ്ഞെടുത്തത്.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസിൽ 134 JLG(Joint LiabilityGroup) കൾ പ്രവർത്തിച്ചു വരുന്നതായും 44.2. ഹെക്ടറിൽ കിഴങ്ങു വർഗ്ഗം, പച്ചക്കറികൾ,വാഴ തുടങ്ങിയവ കൃഷി ചെയ്തു വരുകയും പഞ്ചായത്തിന്റെ വരിഞ്ഞം, മീനമ്പലം, കടമ്പാട്ടുകോണം, ഏളംകുളം ഏലകളിലായ് നെൽ കൃഷിയും ,മാസ ചന്തയും JLG ഗ്രൂപ്പുകൾ ചെയ്തു വരുന്നതായി കുടുംബശ്രീ ചെയർപേഴ്സൺ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. JLG -യ്ക്കായി കാനറ ബാങ്ക്പാരിപ്പള്ളി, ഇന്ത്യൻ ബാങ്ക് പാരിപ്പള്ളി എന്നീ ബാങ്കുകളുടെ സഹരണത്തോടെ JLG ലിങ്ക്ഡ് ലോണുകളും കുടുംബശ്രീ ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ വലിയൊരു കർഷക കൂട്ടായ്മ JLG ഗ്രൂപ്പുകൾ ഉള്ളപ്പോൾ അവരെ തെരഞ്ഞടുക്കാതെ സംരംഭ ഗ്രൂപ്പായ സമൃദ്ധി ഗ്രൂപ്പിനെ തെരഞ്ഞെടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് മറുപടി ലഭ്യമാക്കേണ്ടതാണ്. മാത്രവുമല്ല 2018-19 വർഷത്തെ ഗ്രാമസഭ ഗുണഭോക്ത്യ ലിസ്റ്റിൽ സമൃദ്ധി ഗ്രൂപ്പ് ഉൾപെട്ടിട്ടില്ലാത്തതുമാണ്.

2. <u>റിവോൾവിങ്ങ് ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

യൂണിറ്റ് സ്രെക്ട്ടറിയുടെയും, പ്രസിഡന്റിന്റെയും സംയുക്ത അക്കൗണ്ടിൽ (Ac No. 40753101007806) നൽകിയ റിവോൾവിങ്ങ് ഫണ്ട് (250000/-രൂപ ) ചെലവഴിക്കാതെ കേരള ഗ്രാമീൺ ബാങ്ക് കല്ലുവാതുക്കൽ ബ്രാഞ്ചിൽ സൂക്ഷിച്ചിരിക്കുന്നു. പ്രതിമാസ തവണകളായി മൂന്ന് മാസം കഴിഞ്ഞാൽ റിവോൾവിങ്ങ് ഫണ്ട് തിരിച്ചടവ് ആരംഭിക്കേണ്ടതാണ്. എന്നാൽ തിരിച്ചടവ് തുടങ്ങിയിട്ടില്ല. റിവോൾവിങ്ങ് ഫണ്ട് ഒരു രൂപ പോലും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. കൂടാതെ റിവോൾവിങ്ങ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചു അടവ് തുകയും, തവണകളും മറ്റു വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും, നിർവ്വഹണ ഉദ്യോഗസ്ഥനുമായി പ്രത്യകം കരാർ വെച്ചിട്ടില്ലത്തതുമാണ് .

3) <u>അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലേയ്ക്കായി നല്കിയ തുക ചെലവഴിച്ചില്ല.</u>
യൂണിറ്റുകളുടെ അടിസ്ഥാന സ്വകാര്യം വികസിപ്പിക്കുന്നതിലേയ്ക്കായി (കസേരകൾ, സ്റ്റേഷനറി എെറ്റങ്ങൾ, ബിൽബുക്കുകൾ, വൗച്ചറുകൾ തുടങ്ങിയവ ) ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ പണം പിൻവലിച്ച് യൂണിറ്റ് സെക്രട്ടറിയുടെയും, പ്രസിഡിന്റിന്റെയും സംയുക്ത അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് നൽകി.

അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലേയ്ക്കായി ബിൽ നമ്പർ 20, 21 പ്രകാരം നൽകിയ 33,750/- രൂപയാണ് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. ബിൽ നമ്പർ 15 പ്രകാരം 29,900/-രൂപയ്ക്ക് ഫ്രിഡ്ജും, ബിൽ നമ്പർ 19പ്രകാരം 74,830/- രൂപയ്ക്ക് മേശയും,വെയിംഗ് മെഷീനും നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് വാങ്ങി സമൃദ്ധി ഗ്രൂപ്പിന് നൽകിയിട്ടുള്ളതും, 29 വനിതകൾക്ക് പച്ചക്കറികൃഷിയ്ക്ക് കൂലിചെലവായി 1,00,000/- രൂപ നൽകുകയും ചെയ്തു.

4)വിപണന കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല.




ശ്രീരാമപുരം, നടയ്ക്കൽ, പാരിപ്പള്ളി, മീനമ്പലം, വേളമാനൂർ എന്നിവടങ്ങളിൽ പ്രാദേശിക വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് വിപണനം സുഗമമാക്കാൻ ഉദ്ദേശിച്ചതെങ്കിലും ശ്രീരാമപുരത്തെ വിപണന കേന്ദ്രം മാത്രമാണ് തുറക്കാൻ കഴിഞ്ഞിട്ടുള്ളൂ.വാടക കെട്ടിടങ്ങളിലും, പഞ്ചായത്തിന്റെ കെട്ടിടത്തിലുമാണ് വിപണന കേന്ദ്രം തുറക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ശ്രീരാമപുരത്തിലെ വാടക കെട്ടിടത്തിന്റെ കരാർ മാത്രമാണ് വെച്ചിട്ടുള്ളത്.

5)പഞ്ചായത്തിന്റെ കടമുറികൾ ഒഴിഞ്ഞു കിടക്കുമ്പോൾ സ്റ്റീൽ വർക്കിൽ വിപണന കേന്ദ്രം പണി കഴിപ്പിച്ചു.




പാരിപള്ളിയിൽ സ്റ്റീൽ വർക്കിൽ ചെയ്ത വിപണന കേന്ദ്രമാണ് നിർമ്മിച്ചിരിക്കുന്നത്. ടാക്സി സ്റ്റാൻഡിൽ മാലിന്യം നിറഞ്ഞു കിടക്കുന്ന സ്ഥലത്താണ് വിപണന കേന്ദ്രം പണികഴിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ തന്നെ പാരിപള്ളി ജംഗ്ഷനിൽ കടമുറികൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് അധിക ചെലവായി സ്റ്റീൽ വർക്കിൽ വിപണന കേന്ദ്രം പണി കഴിപ്പിച്ചിട്ടുള്ളത്(2019-20-ൽ ആണ് തുക ചെലവഴിച്ചിട്ടുള്ളത്). പ്രസ്തുത അധിക ചെലവിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കേണ്ടതാണ്.

എല്ലാ കടകളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നും പൂർണമായതോതിൽ കടകളുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഇൻവോയിസ് പ്രകാരമുള്ള എല്ലാ സാധനങ്ങളും വാങ്ങുമെന്നും, റിവോൾവിങ്ങ് ഫണ്ട് തിരിച്ചടവ് ഉടൻ ആരംഭിക്കുമെന്നും എത്രയും വേഗം എല്ലായിടത്തും പ്രവർത്തനം ആരംഭിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കെടുകാര്യസ്ഥത മൂലം ഗ്രൂപ്പിന് വിപണന കേന്ദ്രങ്ങൾ സമയബന്ധിതമായി തുറന്നു കൊടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും തന്മൂലം ഗ്രൂപ്പിന് ലഭിച്ച റിവോൾവിങ് ഫണ്ട് ചെലവഴിക്കാൻ കഴിയാതെ പോകുകയാണ് ഉണ്ടായത്.

പ്രവർത്തനം പൂർണ്ണമായും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 488480/-രൂപ തടസത്തിൽ വയ്ക്കുന്നു.

തുറക്കാൻ ബാക്കിയുള്ള 4 വിപണ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും, റിവോൾവിങ് ഫണ്ട് തിരിച്ച് അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പ്രവർത്തനം ആരംഭിച്ചതുമായ ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

**ഓഡിറ്റ് അന്വേഷണം നം : 16/20.08.19**

## 1-17 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ്യ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 54,23,715/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രവർത്തിയുടെ പേര്, പ്രോജക്ട് | ബിൽനം, തീയതി | തുക |
|---|---|---|---|
| സെക്രട്ടറി | മീനമ്പലം വാർഡിൽ പൈപ്പ്ലൈൻ നീട്ടൽ-കേരള വാട്ടർ അതോറിറ്റി-SO32119 | 73/27.03.19 | 210000/- (സിഎഫ് സി) |
| ,, | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-SO15/19-അസി.എൻജിനീയർ ചാത്തന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ | 8/13.6.18<br>22/9.8.18<br>23/9.8.18<br>20/30.7.18<br>19/30.7.18<br>30/19.9.18<br>31/10.10.18<br>33/20.10.18<br>39/19.11.18<br>50/20.12.18<br>51/20.12.18<br>54/29.1.19<br>56/29.1.19 | 17772/ (സിഎഫ് സി)<br>7842/-,,<br>21342/-,,<br>14176/-,,<br>45649/-,,<br>17948/-,,<br>46869/-,,<br>21702/-,,<br>39528/-,,<br>15336/-,,<br>12907/-,,<br>25037/-,,<br>9260/-,, |

| | | | |
|---|---|---|---|
| | | 60/15.2.19<br>64/13.3.19<br>75/25.3.19<br>76/25.3.19 | 14028/-,,<br>41608/-,,<br>8355/-,,<br>5436/-,, |
| ,, | പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും പൈപ്പ് ലൈൻ നീട്ടൽ -വാട്ടർ അതോറിറ്റി - s031/19 | 46/11.12.18 | 13,60000/-<br>സിഎഫ് സി) |
| അസി.സെക്രട്ടറി | സെറ്റിൽമെന്റ് കോളനിയിലെ കുഴൽ കിണർ നിർമ്മാണം -ഗ്രൗണ്ട് വാട്ടർ വകുപ്പ് -s0217/18 | ചെക്ക്നം:2812764/28.5.18 | 230000/-<br>ജില്ലാപഞ്ചായത്ത്) |
| ,, | സെറ്റിൽമെന്റ് കോളനിയിലെ കുഴൽ കിണർ നിർമ്മാണം -ഗ്രൗണ്ട് വാട്ടർ വകുപ്പ് -2-)0 *ഘട്ടം-s0140/18* | 1/21.5.18 | 378418/-<br>എസ്.സിപി) |
| ,, | മണ്ണയം കുടിവെള്ള പദ്ധതി -ഗ്രൗണ്ട് വാട്ടർ വകുപ്പ് -s0143/18 | 10/16.03,19-3178/-<br>7/28.11.18-510000/-<br>ചെക്ക്നം:8632981/27.3.19 | 513178/-<br>എസ്.സിപി)<br>419873/-<br>(ജില്ലാപഞ്ചായത്ത്) |
| ,, | രാജീവ് ഗാന്ധി കോളനി കുടിവെള്ള പദ്ധതി- ഗ്രൗണ്ട് വാട്ടർ വകുപ്പ്-s0145/18 | 9/21.3.19 | 510000/-<br>എസ്.സിപി)<br>364500/-<br>ജില്ലാപഞ്ചായത്ത് |
| ,, | വേടർ കുന്നു കോളനി കുടിവെള്ള പദ്ധതി- ഗ്രൗണ്ട് വാട്ടർ വകുപ്പ്-s0144/18 | 8/15.12.18-510000/-<br>11/21.3.19-47490/- | 557490/-<br>എസ്.സിപി)<br>456128/-<br>ജില്ലാപഞ്ചായത്ത് |
| ,, | വേളമാനൂർ-അംബേദ്കർ കോളനി കുടിവെള്ള പദ്ധതി- ഗ്രൗണ്ട് വാട്ടർ വകുപ്പ്-s0141/18 | 2/19.5.18 | 58300/-<br>എസ്.സിപി) |
| ,, | വേങ്കുന്ന കോളനി കുടിവെള്ള പദ്ധതി- കേരള വാട്ടർ അതോറിറ്റി-s0142/18 | 6/31.10.18 | 133000/-<br>എസ്.സിപി) |
| ആകെ | | | 5423715/-രൂപ |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 5423715/-രൂപ തടസത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രംപരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ നം :9/14.08.19 ( സെക്രട്ടറിയ്ക്ക് നൽകിയ)

ഓഡിറ്റ് അന്വേഷണ നം : 8/14.08.19 (അസി.സെക്രട്ടറിയ്ക്ക് നൽകിയ)

## 1-18 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയത് ഉയർന്ന നിരക്കിൽ -5,440/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം : 283/18

<u>അടങ്കൽ തുക : 8,31,540/-</u> രൂപ

<u>ചെലവ് : 7,89,171/-</u> രൂപ

CFC; ബിൽനം : 6/28.05.18 : 7,89,171/- രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പ്രോജെക്ടിൽ -പുതിയ തെരുവിളക്കുകൾ വാങ്ങിയത് കുറഞ്ഞ് നിരക്ക് ക്വാട്ട് ചെയ്ത Kochumelathi Agency എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കാതെ ഉയർന്ന നിരക്ക് ക്വാട്ട ചെയ്ത Asian Marketing എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു.
21.02.18-ൽ ഇ-ടെൻഡറിൽ Kochumelathil Agency, Asian Marketing, Elster Electronics എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തതിൽ Asian Marketing എന്ന സ്ഥാപനത്തെയാണ് പഞ്ചായത്ത് കമ്മറ്റി തെരഞ്ഞടുത്തത്.സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് താഴെ പറയുന്നു.

| സ്ഥാപനം | Single tube<br>(nut clamp with all other fittings--one number) Rate with Tax |
|---|---|
| Kochumelathil Agency | 1132.00 |
| Asian Marketing | 1140.00 |
| Elster Electronics | 1340.00 |

Asian Marketing എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നമ്പർ 2/23.04.18 പ്രകാരം wire 2.55mm 2 core 1600 എണ്ണം വാങ്ങിയതിന് 13971/-രൂപയും, ഇൻവോയിസ് നമ്പർ 18/28.05.18 പ്രകാരം 680സിംഗിൾ ട്യൂബ് വാങ്ങിയതിന് 775200/-(1140x680) രൂപയുമാണ് നൽകിയത്. എന്നാൽ Kochumelathil Agency 1132/- രൂപ നിരക്ക് പ്രകാരം 680 സിംഗിൾ ട്യൂബ് ക്വാട്ട് ചെയ്തത് വാങ്ങിയിരുന്നെങ്കിൽ 769760/-രൂപ നൽകിയാൽ മതിയായിരുന്നു. 5440/-രൂപ അധികം നൽകി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു നിർവഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ കമ്മറ്റിയുടെ 4/7/09.03.18 തീരുമാനം പ്രകാരം Asian Marketing എന്ന സ്ഥാപനത്തിന് നൽകാനാണ് തീരുമാനം എടുത്തിട്ടുള്ളതും കൊച്ചുമേലതിൽ ഏജൻസിയുടെ തെരുവ് വിളക്ക് ഉപകാരണങ്ങളുടെ ഗുണ നിലവാരം കുറവാണെന്നു കമ്മറ്റി അംഗങ്ങൾ അഭിപ്രായ പെട്ടതിന്റെ അടിസ്ഥാനത്തിലാണ് Asian Marketing എന്ന ഏജൻസിക്കു നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Kochumelathil Agency എന്ന സ്ഥാപനം ഹാജരാക്കിയ സാമ്പിളുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ഗുണനിലവാരം പരിശോധിക്കേണ്ട സ്ഥാപനങ്ങളെ കൊണ്ട് പരിശോധിപ്പിച്ചു അവരുടെ അഭിപ്രായത്തിൽ ടെൻഡർ നിരസിക്കുകയല്ല ചെയ്തിട്ടുള്ളത് .

ആയതിനാൽ Asian Marketing എന്ന സ്ഥാപനത്തിന് ടെൻഡർ നൽകിയ നടപടി അംഗീകരിക്കുന്നില്ല.അധികം നൽകിയ 5440/-രൂപ തിരികെ ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 9/14.08.19

നിരാകരിക്കുന്ന തുക : 5440/- രൂപ

## 1-19 18.21ലക്ഷം രൂപയ്ക്കു വാങ്ങിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിക്കുന്നു.

പ്രോജക്ട് നം : 283/18

<u>അടങ്കൽ തുക : 18,25,000/- രൂപ</u>

പ്ലാൻ ഫണ്ട് : 6,18,355/- രൂപ

തനതു ഫണ്ട് : 3,06,645/- രൂപ

ബ്ലോക്ക് വിഹിതം : 9,00,000/- രൂപ

<u>ചെലവ് : 18,21,640/-</u>രൂപ

ബ്ലോക്ക് വിഹിതം

ചെക്ക്നം : 2771876/23.06.18 : 2,92,465/- രൂപ

:665522/14.09.18 : 6,07,535/- രൂപ

തനതു ഫണ്ട് :

ചെക്ക്നം : 2812793/14.09.18; 75,580/രൂപ-

:606427/16.01.19 : 2,27,705/- രൂപ

പ്ലാൻ ഫണ്ട് :

ബിൽനം : 10/25.06.18 : 6,18,355/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2018-19 വർഷം പാരിപ്പള്ളി പി.എച്ച്.സി, കല്ലുവാതുക്കൽ കമ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി 18.21 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ മാലിന്യ സംസ്കരണ ഉപകരണങ്ങൾ Organic Waste Converter(OWC) composting machine പ്രവർത്തിപ്പിക്കാതെ അടച്ചിട്ടിരിക്കുന്നു.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാലിന്യ സംസ്കരണ ഉപകരണം സ്ഥാപിക്കൽ (സ്പിൽ ഓവർ പ്രോജക്ട് ) പ്രോജക്ടിൽ പാരിപ്പള്ളി പി.എച്ച്.സി, കല്ലുവാതുക്കൽ കമ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ ദിവസം 100കിലോഗ്രാം ബയോ വേസ്റ്റുകൾ സംസ്കരിക്കുന്ന ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസികളിൽ നിന്നും Organic Waste Converter (OWC) composting machine വാങ്ങുന്നതിന് 21.02.18 – ൽ ഇ-ടെൻഡർ ചെയ്തുവെങ്കിലും ആരും പകെടുക്കാത്ത സാഹചര്യത്തിൽ 15.03.18 വീണ്ടും ടെൻഡർ നടത്തിയപ്പോൾ,M-Way Consultants And Developers Pvt ltdKarunagappally Kollam, Fazza Information Technology Pvt ltd Kollam, എന്ന രണ്ടു സ്ഥാപനങ്ങളാണ് പങ്കെടുത്തത്.ഇതിൽ തീരുമാനം നമ്പർ 1/5(16.06.18) പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശുചിത്വ മിഷൻ

അംഗീകൃത ഏജൻസിയായ M-Way Consultants And Developers Pvt ltd Karunagappally, Kollam എന്ന സ്ഥാപനത്തെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ടെൻഡർ നൽകി.

Composting machine-OWC-30, single curing system, Double shredder, seggregation table, trolley എന്നീ ഉപകരണങ്ങൾ അടങ്ങിയ യൂണിറ്റാണ് പാരിപ്പള്ളി പി പി.എച്ച്.സി കല്ലുവാതുക്കൽ കമ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്. ടി പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) <u>സാധ്യത പഠനം നടത്താതെ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു.</u>

സാധ്യത പഠനം നടത്താതെയാണ് പാരിപ്പള്ളി പി.എച്ച്.സി, കല്ലുവാതുക്കൽ കമ്യൂണിറ്റി ഹാൾ എന്നിവടങ്ങളിൽ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

വലിയ ബയോ വേസ്റ്റുകൾ (ഉദാ; കാളാമുണ്ടം തുടങ്ങിയവ) മുറിച്ച് ചെറുതാക്കുന്നതിനു വേണ്ടി കമ്മ്യൂണിറ്റി ഹാളിൽ സ്ഥാപിച്ച ഡബിൾ ഷർഡർ (298860/- രൂപ) പി.എച്ച്.സി യിലും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പി.എച്ച്.സിയിലെ മാലിന്യ സംസ്കരിക്കുന്നതിന് ഡബിൾ ഷർഡർ ഉൾപ്പെടെയുള്ള മെഷീൻ അവിടെ ആവശ്യമായിരുന്നു എന്നത് സംബന്ധിച്ച് പി.എച്ച്.സി യിലെ ഡോക്ടറുടെ അഭിപ്രായം വാങ്ങാതെ ദിവസേനെ 100 കിലോഗ്രാം ബയോ വേസ്റ്റ് സംസ്കരിക്കാനുള്ള മെഷീൻ വാങ്ങി പി.എച്.സിയിൽ സ്ഥാപിക്കുകയായിരുന്നു. IMAGE എന്ന സ്ഥാപനം ആശുപത്രി മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള കരാർ എടുത്തു പ്രവർത്തി നടത്തിക്കൊണ്ടിരിക്കുന്നു. ആശുപത്രിയിലെ ഭക്ഷണ അവശിഷ്ടങ്ങൾ, ആശുപത്രിയിലും പുറത്തുമായി ഉണ്ടാകുന്ന മറ്റ് ചെറിയ മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനായി 9 ലക്ഷത്തിൽപരം ചെലവഴിച്ച് ഡബിൾ ഷർഡർ ഉൾപ്പെടെയുള്ള മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടുള്ളത് വേണ്ടത്ര പഠനം നടത്താതെയാണ്.

2)<u>പ്ലാന്റുകൾ പ്രവർത്തിപ്പിക്കാതെ പൂട്ടി ഇട്ടിരിക്കുന്നു.</u>


<u>(പി.എച്ച്.സി യിലെ പ്ലാന്റ്.)</u>

11.06.18, 07.09.18 എന്നീ തീയതികളിൽ ഉപകരണങ്ങൾ കൊണ്ടുവന്നതിന്റെ വേബിൽ ഹാജരാക്കിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തിപ്പിച്ചത് സംബന്ധിച്ച് കമ്പനിയുടെ രേഖമൂലമുള്ള കത്തുകളോ മറ്റു രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 16.08.19-ൽ നടത്തിയ സ്ഥല പരിശോധനയിൽ കമ്യൂണിറ്റി ഹാളിലും, പി.എച്.സി യിലും പ്ലാന്റുകൾ പ്രവർത്തിപ്പിക്കാതെ പൂട്ടികിടക്കുകയായിരുന്നു.

3)<u> മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് ലക്ഷങ്ങൾ ചെലവഴിക്കുമ്പോൾ കമ്യൂണിറ്റി ഹാളിലെയും, പി.എച്.സി യിലെയും പ്ലാന്റുകൾ നോക്കുകുത്തികളായി ഇരിക്കുന്നു.</u>

പാരിപ്പള്ളി - മീനമ്പലം മാർക്കറ്റുകളുടെയും, ജംഗ്ഷനുകളിലെയും മാലിന്യം നീക്കം ചെയ്യുതിന് 2018-19 വർഷം 3 ലക്ഷത്തിൽ പരം രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്. പൊതു മാർക്കറ്റുകളിലെ മാലിന്യം സംസ്കരിക്കുന്നതുമായി ബന്ധപെട്ടു യാതൊരു പ്രോജെക്ടും 2018-19 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ദിവസേനെ 100 കിലോഗ്രാം ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ഇത്തരം വലിയ പ്ലാന്റുകൾ സ്ഥാപിക്കേണ്ടിയിരുന്നത് പൊതുസ്ഥലങ്ങളിലും, മാർക്കറ്റിലുമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ കമ്യൂണിറ്റി ഹാളിലെയും, പി.എച്ച്.സിയിലെയും പ്ലാന്റുകൾ നോക്കുകുത്തികളായി ഇരിക്കാതെ ഗ്രാമപഞ്ചായത്തിന്റെ മാലിന്യ പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കപ്പെടാമായിരുന്നു. മാലിന്യപ്രശ്നങ്ങൾ കുറവുള്ള ഇത്തരം സ്ഥലങ്ങളിൽ വലിയ പ്ലാന്റുകൾ പഞ്ചായത്ത് സ്ഥാപിച്ചത് ആശാസ്യമായ നടപടിയായി കാണാൻ കഴിയുന്നില്ല. മാത്രവുമല്ല ഒരു വർഷം കഴിഞ്ഞിട്ടും പ്ലാന്റ് പ്രവർത്തിപ്പിച്ചു കമ്യൂണിറ്റി ഹാളിലെയും, പി.എച്ച്.സിയിലെയും മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലാത്തതുമാണ്.

പ്ലാന്റുകൾ സ്ഥാപിച്ചതുമായി ബന്ധപെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നല്കിയ മറുപടി താഴേ പറയുന്നു.

സ്ഥലപരിമിതിയുള്ള വിട്ട്കിട്ടിയ സ്ഥാപനങ്ങളുടെ ജൈവ മാലിന്യം സംസ്കരിക്കാൻ ഉപകാരപ്പെടുമെന്ന് ഉദ്ദേശിച്ച്, മാലിന്യം ജൈവ വളമാക്കി കാർഷിക കർമ്മ സേനയെ കൂടി ഉൾപ്പെടുത്തി പ്ലാന്റ് സ്ഥാപിക്കുന്നതിനു പഞ്ചായത്തിനു വേറൊരു സ്ഥലം ഇല്ലാത്തതിനാലാണ് പി.എച്ച്.സിയിൽ സ്ഥാപിച്ചതെന്നും, പി.എച് സി വികസിക്കുമ്പോൾ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യങ്ങൾ പൂർണ്ണമായും ജൈവ വളമായി മാറ്റുന്നതിനാണ് മാലിന്യ പ്ലാന്റ് സ്ഥാപിച്ചതെന്നും പ്ലാന്റ് പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

പി.എച്ച്.സി പോലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ മറ്റുള്ള സ്ഥലങ്ങളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനായി വൻ തോതിൽ കൊണ്ട് വന്നാൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ ഭരണ സമിതി കാര്യക്ഷമമായ തീരുമാനം എടുക്കേണ്ടതും പ്ലാന്റ് തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം : 15/17.08.19

## 1-20 പരസ്യ കമ്പനി സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് വൈദ്യുതി ബിൽ ഒടുക്കുന്നത് സർക്കാർ ഉത്തരവുകൾ ഇല്ലാതെ

സർക്കാർ ഉത്തരവുകൾ ഇല്ലാതെയും, ടെൻഡർ മുഖേനെ അല്ലാതെയും പഞ്ചായത്തിനെ നേരിട്ട് സമീപിച്ച ഒരു പരസ്യ കമ്പനി അവർ കൊണ്ട് വന്ന വ്യവസ്ഥകൾക്ക് അനുസൃതമായി കരാർ ഉണ്ടാക്കി മാസംതോറും തെരുവ് വിളക്കിന്റെ കറന്റ് ചാർജ്ജ് ഒടുക്കി തനതു ഫണ്ടിന് അധിക ബാധ്യത ഗ്രാമ പഞ്ചായത്ത് വരുത്തി വെച്ചിരിക്കുന്നു.

2018 ഫെബ്രുവരി 16-ാം തീയതി കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും AN Adds ഉടമ സിയാദ് താജുദ്ദീൻ ചേർന്ന് എഴുതിയ കരാർ പ്രകാരം നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ച് അതിൽ പരസ്യ (4mx3m) അവകാശം കമ്പനിക്കു നൽകുകയും പകരം പരസ്യകമ്പനി തെരുവ് വിളക്കുകൾ 15 വർഷത്തേയ്ക്ക് മെയിന്റനൻസ് നടത്തി പരിപാലിക്കണമെന്നും തെരുവ് വിളക്കുകൾക്കു മീറ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് കറന്റ് ചാർജ്ജ് ഒടുക്കുകയും വേണമെന്ന് കരാർ ഉണ്ടാക്കി.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെയും ഓച്ചിറപഞ്ചായത്തിന്റെയും ഹൈവേയുടെ ഇരുവശങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് തെരുവുവിളക്കിന്റെ പരിപാലനവും, കറന്റ് ചാർജ്ജ് ഒടുക്കുന്നത് ഉൾപ്പെടെയാണ് പരസ്യ സ്ഥാപനത്തിന് കരാർ പ്രകാരം നൽകിയിട്ടുള്ളത്.

എന്നാൽ സൗജന്യമായി കറന്റ് ചാർജ്ജ് ഉൾപ്പെടെ നാഷണൽ ഹൈവേകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ പരസ്യ ഏജൻസികൾ ഉണ്ടായിരിക്കെ അത്തരം ഏജൻസികളെ കണ്ടെത്താതെ പഞ്ചായത്തിനെ സമീപിപ്പിച്ച AN Adds എന്ന പരസ്യ കമ്പനിക്ക് കറന്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കരാർ നൽകിയ പഞ്ചായത്ത് നടപടി അംഗീകരിക്കുന്നില്ല.

2018-19 വർഷം പഞ്ചായത്ത് ഒടുക്കിയ കറന്റ് ചാർജ്ജ് വിവരം താഴെ പറയുന്നു,

| വൗച്ചർ നമ്പർ/ തീയതി | കൺസ്യൂമർ നമ്പർ | തുക |
|---|---|---|
| 996/01.12.18 | 21463 | 7652 |
| | 21464 | 6107 |
| | 21448 | 3355 |
| | 21466 | 4061 |
| | 21467 | 2627 |
| 1191/31.01.19 | 21467 | 1669 |
| | 21465 | 4162 |
| | 21464 | 3226 |
| | 21448 | 2032 |
| | 21466 | 2729 |
| 1449/23.03.19 | 21466 | 1916 |
| | 21467 | 627 |
| **ആകെ** | | **40163രൂപ** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം (അജണ്ടനം.10/തീരുമാനം1/03.02.18) പ്രകാരമാണ് കരാർ വെയ്ക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതെന്നും കരാർ വ്യവസ്ഥപ്രകാരമാണ് കറന്റ് ചാർജ് ഒടുക്കുന്നതെന്നും, പഞ്ചായത്ത് കമ്മറ്റി ഇതു സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ടിന് ബാധ്യത

വരുന്ന കറന്റ് ചാർജ്ജ് അടവാക്കൽ എന്ന വ്യവസ്ഥയും, തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേയുടെ അനുമതി പഞ്ചായത്ത് വാങ്ങേണ്ടതുമാണ് എന്ന വ്യവസ്ഥയും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ കരാർ പരസ്യകമ്പനിയുമായി ചമയ്ക്കേണ്ടതും, തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേയുടെ അനുമതി കരാറുകാരൻ വാങ്ങേണ്ടതുമാണ്. മേൽ വ്യവസ്ഥകൾ പാലിക്കാൻ തയ്യാറാകാതെ വരുകയാണെങ്കിൽ AN Adds പരസ്യകമ്പനിയുമായുള്ള കരാർ റദ്ദ് ചെയ്യേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിത സ്വഭാവം നഷ്ടപ്പെടുന്നു.

2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 152 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ ഉൾപ്പടെ വിവിധ പ്രവൃത്തികൾക്കായി ആകെ 4.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിയിൽ മത്സരാധിഷ്ഠിതസ്വഭാവം ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്;

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ വിവിധ തീയതികളിലായി ടെണ്ടറുകൾ ക്ഷണിച്ചതിൽ ടി പ്രവൃത്തികൾക്കോരോന്നിനും തികച്ചും അസ്വാഭാവികമായി ആകെ രണ്ട് ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്. ഇവയിൽ എസ്റ്റിമേറ്റ് നിരക്കോ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1%/0.01%/0.02% എന്നിങ്ങനെ നാമമാത്രമായ കുറവോ രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ ടെണ്ടറിലും പങ്കെടുത്ത് പുറത്താകുന്ന രണ്ടാമത്തെ കരാറുകാരന് തൊട്ടടുത്ത പ്രവൃത്തിയുടെ കരാർ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ ലഭിക്കുകയും ചെയ്യുന്നു. കരാറുകാർക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കി ഗുണമേൻമയും ന്യായവും ലാഭകരവുമായ നിരക്കും ഉറപ്പുവരുത്തി പ്രവൃത്തി ഏൽപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വ്യാപകമായി പരസ്യം നൽകി മത്സരാധിഷ്ഠിതമായി നടത്തിയിട്ടുള്ള ടെണ്ടർ നടപടിയിലാണ് പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളത്. ടെണ്ടർ നടപടിയുടെ ഉദ്ദേശ്യശുദ്ധിയ്ക്ക് വിരുദ്ധമായി ഏതാനും കരാറുകാർ പ്രവൃത്തികൾ നേടിയെടുത്തതായി തൻവർഷത്തെ ടെണ്ടർ സേവിംഗ്സിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. വിവിധ പ്രവൃത്തികൾക്കായി തൻവർഷം ആകെ 4.48 കോടി രൂപ ചെലവഴിച്ചപ്പോൾ ടെണ്ടർ സേവിംഗ്സിനത്തിൽ ആകെ ലഭിച്ചത് 11,32,452/- രൂപ മാത്രമാണ്. അതുതന്നെ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 8 പ്രവൃത്തികളിൽ നിന്നും ലഭിച്ചതാണ്. അതായത് മാന്വൽ ടെണ്ടർ നടപടിയിലൂടെ ടെണ്ടർ സേവിംഗ്സ് ലഭിച്ചില്ല എന്ന് വ്യക്തം. പ്രാദേശികമായി കരാറുകാർക്കിടയിൽ നിലനിൽക്കുന്ന അവിശുദ്ധകൂട്ടുകെട്ടുമൂലം ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇതിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുനിലം

കൃഷിയോഗ്യമാക്കൽ, മണ്ണ് ജലസംരക്ഷണം, അടുക്കളത്തോട്ട നിർമ്മാണം, തടയണ നിർമ്മാണം എന്നിവയാണ് തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. 2018-19-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളായ ഫലവൃക്ഷങ്ങൾ അടക്കമുള്ള മരങ്ങൾ വച്ച് പിടിപ്പിക്കൽ, വനവത്കരണം, പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ, മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, എന്നിവയുടെ നിർമ്മാണം എന്നിവ തൻവർഷം നടപ്പാക്കിയിട്ടില്ല. തോടുകളുടെ പുനരുദ്ധാരണം, നാല് റോഡുകളുടെ കോൺക്രീറ്റിംഗ് എന്നിവ ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ നടപ്പാക്കിയിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചനക്കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, കാർഷികോൽപ്പന്ന സംഭരണകേന്ദ്രങ്ങളുടെ നിർമ്മാണം, മൃഗപരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളൊരുക്കൽ എന്നിവ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമാക്കുന്നത് ഗുണകരമാണ്.

3,48,30,000/- രൂപയുടെ പ്രവൃത്തികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും 2,57,96,555 /- രൂപയാണ് തൻവർഷം ചെലവഴിച്ചത്. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൊഴിലുറപ്പുപദ്ധതി പ്രവർത്തനം സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്താതെ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലും മേൽ സൂചിപ്പിച്ച പ്രകാരം ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചും സാധനഘടകത്തിലെ ചെലവിൽ ആനുപാതിക വർദ്ധന വരുത്തിയും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മെഡിക്കൽ ഓഫീസർ-ഹോമിയോ/അലോപ്പതി-പ്രോജക്ട് പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (അലോപ്പതി) എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി 2018-19 വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകൾ പ്രകാരം ലഭ്യമാകേണ്ട മുഴുവൻ മരുന്നുകളും ഇതുവരെയും ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെയും ചെലവഴിച്ചിട്ടുള്ള തുകയുടെയും വിശദാംശങ്ങളും ഓഡിറ്റ് തീയതി വരെ (24.08.2019 വരെ) ലഭ്യമായിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

A.നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

| പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവഴിച്ച തുക/ ഫണ്ടിനം | ബിൽ നം.& തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാകാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ആയുർവേദ മെഡിക്കൽ ക്യാമ്പിനുള്ള മരുന്ന് വാങ്ങൽ<br>പ്രോജക്ട് നം.S0096/19 | 2,00,000/-<br>(വികസന ഫണ്ട്) | 01/<br>18-19<br>Dtd:22.10.18 | ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ IM കേരള ലിമിറ്റഡ് | 1,86,534/- | 13,466/- |
| ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>പ്രോജക്ട് നം.S0092/19 | 4,00,000/-<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 02/<br>18-19<br>Dtd:22.10.18 | ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ IM കേരള ലിമിറ്റഡ് | 3,77,926/- | 22,074/- |
